# <u>സിബിഐ, സർക്കാർ, നിയമോദ്യോഗസ്ഥർ</u>

**അരുൺ ജെയ്റ്റ്ലി**

(പ്രതിപക്ഷ നേതാവ് -രാജ്യസഭ)

കൽക്കരിപാപടം അനുവദിക്കുന്നതു സംബന്ധിച്ച അന്വേഷണക്കേസിൽ സുപ്രീം കോടതിയിൽ സമർപ്പിക്കാൻ തയ്യാറാക്കിയ സിബിഐ റിപ്പോർട്ടിൽ നിയമമന്ത്രിയും പ്രധാനമന്ത്രിയുടെ ഓഫീസിലെ ഉദ്യോഗസ്ഥരും ഇടപെട്ടതു സംബന്ധിച്ച വിവാദങ്ങൾ സിബിഐയുടെ പ്രവർത്തനത്തിൽ സർക്കാർ അനധികൃതമായി ഇടപെടുന്നുവെന്ന ആവർത്തിച്ചുള്ള ആരോപണം ശരിവെക്കുന്നതായി. കഴിഞ്ഞ കുറച്ചു വർഷങ്ങളായി സിബിഐയുടെ നിയന്ത്രണം സർക്കാരിന്റെ കയ്യിൽനിന്നും പോയി ഇപ്പോൾ ഭരണകക്ഷിയിലെ ചില പ്രമുഖരുടെ കയ്യിൽ എത്തിച്ചേർന്നിരിക്കുന്നു.

കേന്ദ്ര സർക്കാരിന്റെ അന്വേഷണ ഏജൻസിയായി 1946-ലെ ഡൽഹി സ്പെഷനൽ പോലീസ് (എസ്റ്റാബ്ലിഷ്മെന്റ്)ആക്ടിനു കീഴിൽ രൂപീകരിച്ചതാണ് സിബിഐ. അതിന്റെ പ്രാഥമിക ലക്ഷ്യം കേന്ദ്ര സർക്കാരിലെയും മറ്റു ഭരണ സ്ഥാപനങ്ങളിലെയും ഉദ്യോഗസ്ഥർക്കെതിരേയുള്ള അഴിമതിയെക്കുറിച്ച് അന്വേഷിക്കുകയാണ്. എന്നാൽ അതിലെ ഉദേപാഗസ്ഥരുടെ നിയമനം, സ്ഥലംമാറ്റം, തുടങ്ങിയ കാര്യങ്ങളിൽ കൈകടത്തി, ആ ഏജൻസിയെ സ്വതന്ത്രമായ സ്വയംഭരണസ്ഥാപനമായി നിലനിർത്തുന്നതിനുള്ള എല്ലാ സാധ്യതകളിലും നിരാശ വീഴിച്ചിരിക്കുകയാണ് കേന്ദ്രസർക്കാർ. അഴിമതി വിരുദ്ധ പ്രസ്ഥാനത്തെ തുടർന്ന് ലോക്പാൽ രൂപീകരിക്കുന്നതിനു മുന്നോടിയായി രൂപീകരിച്ച രാജ്യസഭാ സെലക്ട കമ്മിറ്റിക്കു മുമ്പാകെ ഞാനും എന്റെ സഹപ്രവർത്തകരായ രാജീവ് പ്രതാപ് റൂഡി, ഭൂപേന്ദ്ര യാദവും ചേർന്ന് സിബിഐയുടെ സ്വാതന്ത്ര്യവും സ്വാശ്രയത്വവും സംബന്ധിച്ച് റിപ്പോർട്ടു സമർപ്പിച്ചിരുന്നു. അതിൽ ഇങ്ങനെ പറയുന്നു-

‘‘ മേൽപ്പറഞ്ഞ കാര്യങ്ങൾ വെച്ചു നോക്കുമ്പോൾ ഞങ്ങൾ അസന്ദിഗ്ദ്ധമായി പറയുന്നു, കണക്കറ്റ രാഷ്ട്രീയ ദുരുപയോഗം മൂലം സിബിഐയുടെ വിശ്വാസ്യത ആകെ നഷ്ടമായിരിക്കുന്നു. ലോക്പാലിനു വിടുന്ന അഴിമതി കേസുകളിൽ സിബിഐ അന്വേഷണം നടത്താൻ സിബിഐയുടെ നിയന്ത്രണം ഇന്ന് കേന്ദ്ര സർക്കാരിന്റെ പേഴ്സണൽ ഡിപ്പാർട്ടുമെന്റിൽനിന്നു മാറ്റി ലോക്പാലിനു കീഴിലാക്കണം. കൂടാതെ സിബിഐയുടെ കാര്യങ്ങളിൽ രാഷ്ട്രീയ ഇടപെടലുകൾ ഉണ്ടാകാതിരിക്കാൻ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ ഞങ്ങൾ വെച്ചു.-

- സിബിഐക്ക് രു വിഭാഗങ്ങൾ വേണം. ഡയറക്ടർക്കായിരിക്കണം സമഗ്ര ചുമതല. അദ്ദേഹത്തിനു കീഴിൽ ഡയറക്ടറേറ്റ് ഓഫ് പ്രോസിക്യൂഷൻ പ്രവർത്തിക്കണം.
- അന്വേഷണ വിഭാഗവും പ്രോസിക്യൂഷൻ വിഭാഗവും വേറേവേറേ പ്രവർത്തിക്കണം.
- പ്രധാനമന്ത്രി, ലോക്സഭാ പ്രതിപക്ഷ നേതാവ്, ലോക്പാൽ ചെയർമാൻ എന്നിവരുൾപ്പെടുന്ന കൊളീജിയം വേണം സിബിഐ ഡയറക്ടറേയും പ്രോസിക്യൂഷൻ ഡയറക്ടറേയും തിരഞ്ഞെടുക്കാൻ.
- സിബിഐ ഡയറക്ടർക്കും പ്രോസിക്യൂഷൻ ഡയറക്ടർക്കും നിശ്ചിത കാലാവധി വേണം.
- സിബിഐ ഡയറക്ടറേയും പ്രോസിക്യൂഷൻ ഡയറക്ടറേയും വിരമിച്ചാൽ ഒരു സർക്കാർ ചുമതലക്കും പരിഗണിക്കരുത്.
- ലോക്പാൽ പരിഗണിക്കുന്ന കേസുകളിൽ സിബിഐയുടെ മേൽനോട്ടവും നിയന്ത്രണവും ലോക്പാലിൽ നിക്ഷിപ്തമായിരിക്കണം.
- കേസന്വേഷിക്കുന്ന സിബിഐയുടെ ഏതുദ്യോഗസ്ഥനേയും ഏതുകാരണത്താലായാലും സ്ഥലം മാറ്റാൻ ലോക്പാലിന്റെ മുൻകൂർ അനുമതി വാങ്ങണം.
- ഈ കേസുകളിൽ ഹാജരാകുന്ന വക്കീലന്മാരും സിബിഐയുടെ ഉപദേശകരും സർക്കാരിൽ നിന്നു സ്വതന്ത്രരായിരിക്കണം. ലോക്പാലിന്റെ മുൻ അനുമതിയോടെ അവരെ പ്രോസിക്യൂഷൻ ഡയറക്ടർക്ക് നിയമിക്കാം.

എന്നാൽ സെലക്ട് കമ്മിറ്റി ഞങ്ങളുടെ നിർദ്ദേശങ്ങൾ അവഗണിച്ച് താഴെപ്പറയുന്നവ അംഗീകരിച്ചു.

''വിവിധ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും പരിഗണിച്ചു കൂടിയാലോചനകൾക്കു ശേഷം കമ്മറ്റി ഇങ്ങനെ ശുപാർശ ചെയ്യുന്നു–

1. ഒരു ഡയറക്ടറുടെ കീഴിൽ സിബിഐക്ക് പ്രത്യേക പ്രോസിക്യൂഷൻ വിഭാഗം ഉാകണം, അദ്ദേഹം സിബിഐ ഡയറക്ടറുടെ കീഴിലാകണം പ്രവർത്തിക്കേത്. സിബിഐ ഡയറക്ടറർക്കായിരിക്കും സമഗ്ര ചുമതല.
2. പ്രധാനമന്ത്രി, ലോക്സഭാ പ്രതിപക്ഷ നേതാവ്, സുപ്രീം കോടതി ചീഫ് ജസ്റ്റീസ് എന്നിവരുൾപ്പെടുന്ന കൊളീജിയം ആയിരിക്കും സിബിഐ ഡയറക്ടറെ തിരഞ്ഞെടുക്കുക.
3. പ്രോസിക്യൂഷൻ ഡയറക്ടറെ കേന്ദ്ര വിജിലൻസ് കമ്മീഷണർ നിയമിക്കും.
4. സിബിഐ ഡയറക്ടർക്കും പ്രോസിക്യൂഷൻ ഡയറക്ടർക്കും സർക്കാർ നിശ്ചയിക്കുന്ന നിശ്ചിത കാലാവധി ആയിരിക്കും.
5. ലോക്പാൽ പരിഗണിക്കുന്ന കേസുകളിൽ സിബിഐയുടെ മേൽനോട്ടവും നിയന്ത്രണവും ലോ

ക്പാലിൽ നിക്ഷിപ്തമായിരിക്കും.

6. കേസന്വേഷിക്കുന്ന സിബിഐയുടെ ഏതുദ്യോഗസ്ഥനേയും ഏതുകാരണത്താലായാലും ലോക്പാലിന്റെ മുൻകൂർ അനുമതിയോടെ സ്ഥലം മാറ്റാം.

7. ലോക്പാൽ എടുക്കുന്ന കേസുകളിൽ ഹാജരാകുന്ന വക്കീലന്മാരെ സർക്കാർ വക്കീലന്മാരിൽ നിന്നല്ലാതെ സിബിഐ ഡയറക്ടർക്ക് ലോക്പാൽ അനുമതിയോടെ നിയമിക്കാം.

മന്ത്രിസഭ പിന്നെയും ആ നിലപാടുകളിൽ വെള്ളം ചേർത്തു. മൂന്നു സുപ്രധാന കാര്യങ്ങളിൽ മാറ്റം വരുത്തി. അവ ഇതാണ്–

1. അന്വേഷണ ഉദ്യോഗസ്ഥരെ സർക്കാരിനു ലോക്പാലിന്റെ അനുമതിയില്ലാതെതന്നെ മാറ്റാം.

2. സിബിഐ ഡയറക്ടർമാരെ ചുമതലയൊഴിഞ്ഞ ശേഷം സർക്കാർ സർവീസിൽ നിയമിക്കാം.

സർക്കാർ ലോക്പാൽ നിയമനിർമ്മാണത്തിൽ തീരെ ഗൗരവം കാട്ടുന്നില്ല. രണ്ടുബിജെപി അംഗങ്ങൾക്കൊപ്പം ഞാൻ വച്ച നിർദ്ദേശങ്ങൾ യുക്തിസഹവും സ്ഥാപനത്തിന്റെ സ്വാതന്ത്ര്യവും സ്വയംഭരണവും ഉറപ്പിക്കുന്നതുമായിരുന്നു.

ഞങ്ങളുടെ ശുപാർശയിൽ പറഞ്ഞിരുന്ന സർക്കാരിനെ ഉപദേശിക്കുകയും സർക്കാരിനു വേണ്ടി ഹാജരാവുകയും ചെയ്യുന്ന വക്കീലന്മാർ സ്വതന്ത്രരായിരിക്കണമെന്ന്. പ്രോസിക്യൂഷൻ ഡയറക്ടറെ ലോക്പാലുമായി കൂടിയാലോചിച്ചു വേണം നിയോഗിക്കാനെന്നും പറഞ്ഞിരുന്നു. എന്നാൽ , ഇന്നു നടക്കുന്നതുപോലെ അറ്റോണി ജനറലും അഡീഷണൽ സോളിസിറ്റർ ജനറലും തമ്മിൽ നടക്കുന്ന വൃത്തികെട്ട തമ്മിലടി അന്നു ഞങ്ങൾ വിഭാവനം ചെയ്തിരുന്നില്ല. എങ്കിലും, സർക്കാരിന്റെ ഒട്ടേറെ രാഷ്ട്രീയ താൽപര്യങ്ങൾ നടത്തിക്കൊു പോകുന്നത് നിയമോദ്യോഗസ്ഥർ വഴിയാണെന്നു ഞങ്ങൾക്കറിയാമായിരുന്നു. നിയമോദ്യോഗസ്ഥരുടെ സ്ഥാനവും വിലയും പയ്യെപ്പയ്യെ നഷ്ടമായിക്കൊണ്ടിരിക്കുകയാണ്. ഒത്തുതീർപ്പുകൾക്കു തയ്യാറാകുന്നു. കോടതിയിൽ സർക്കാരിനു ഭരണഘടനാ ഉപദേശങ്ങൾ നൽകുന്നതിനു പകരം അവർ സർക്കാരിനു വേണ്ടി രാഷ്ട്രീയ നിയമം പറയുന്നവരാകുന്നു. യുപിഎ സർക്കാർ നിയോഗിച്ച പല നിയമോദ്യോഗസ്ഥരും അവരവരുടെ പദവിയുടെ ഗൗരവാവസ്ഥ കളഞ്ഞു കുളിച്ചിരിക്കുന്നു. അതിനു തയ്യാറല്ലാത്തവർ തുടരുന്നതിനു പകരം രാജിവെക്കുന്നു. ഇപ്പോഴത്തെ ഈ വിവാദം വ്യക്തമാക്കുന്നത് സിബിഐയുടേതുപോലെ നിയമോദ്യോഗസ്ഥർക്കും നഷ്ടമായിരിക്കുന്ന സ്വാതന്ത്ര്യവും സ്വയംഭരണത്വവുമാണ്. സർക്കാരിനു വേണ്ടിയും സിബിഐക്കു വേിയും ഹാജരാകുന്ന നിയമോദ്യോഗസ്ഥർ സ്വതന്ത്രരായിരിക്കണം. ഇത്തരം സ്ഥാപനങ്ങളുടെ വിശ്വാസ്യതയും നിലവാരവും ഒരിക്കൽ നഷ്ടപ്പെട്ടാൽ പിന്നെ

അവ പുനഃസൃഷ്ടിക്കുക വിഷമകരമാണ്. ഈ നിയമോദ്യോഗസ്ഥരെ നിയോഗിക്കുന്നത് ലോക്പാലിന്റെ അനുമതിയോടെ പ്രോസിക്യൂഷൻ ഡയറക്ടറായിരിക്കണം.

കേസുകളൽ സർക്കാർ-പൊതു പ്രവർത്തകർ പ്രതികളായാൽ സർക്കാരിന് പ്രോസിക്യൂട്ടറെ നിശ്ചയിക്കാനാവില്ല. യുപിഎ സർക്കാർ നമ്മുടെ നിയമോദ്യോഗസ്ഥരുടെ സ്ഥാപനങ്ങളെ കരിതേച്ചു കാണിച്ചു. ഈ പരാജിത സ്ഥാപനങ്ങൾ ഇന്നു യുപിഎ സർക്കാരിനെ നാണക്കേടിലാക്കുന്നു. ഉന്നത നീതി പീഠത്തിൽനിന്നു സർക്കാരിനു കിട്ടിയ പ്രഹരം അവർ അർഹിക്കുന്നതുതന്നെയാണ്. തെറ്റുകാരൻ അതിന്റെ ഉത്തരവാദിത്തം ഏൽക്കണം. ഈ സമയത്തെങ്കിലും സർക്കാർ കുറച്ച് ഉത്തരവാദിത്തം കാണിക്കുകയും ലോക്പാൽ നിയമ നിർണമ്മാണത്തിനുള്ള ഞങ്ങളുടെ നിർദ്ദേശങ്ങൾ സ്വീകരിക്കാൻ തയ്യാറാകുകയും ചെയ്യണം.

( 2013 ഏപ്രിൽ 30-ന് എഴുതിയ ലേഖനം)